**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4539** **10-08-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ ഗ്രന്ഥാലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഗ്രന്ഥാലയങ്ങളെ ഗവേഷണപ്രേരകകേന്ദ്രങ്ങളായി വളർത്തിയെടുക്കാനും ലൈബ്രറികൾ പഠനകേന്ദ്രങ്ങളാക്കി മാറ്റി എടുക്കാനും പുസ്തകങ്ങൾ ഡിജിറ്റലൈസ് ചെയ്യാനും ഇന്റർനെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടികൾ ഉണ്ടാകുമോ? | (എ) | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളായാണ് വർത്തിക്കുന്നത്. ടി ലൈബ്രറികൾ ഓൺലൈൻ പഠന കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. കഴിഞ്ഞ അധ്യയന വർഷം 2000 ലൈബ്രറികളിൽ ഓൺലൈൻ പഠനസൗകര്യം ഒരുക്കിയിരുന്നു. ഡിജിറ്റലൈസേഷന്റെ ആദ്യ പടിയായി എല്ലാ ലൈബ്രറികളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്ത പുസ്തകങ്ങൾ ഗ്രന്ഥശാലകളിൽ ലഭ്യമാക്കുന്നതിനും കെ-ഫോൺ ലൈബ്രറികളിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം ടി ഗ്രന്ഥാലയങ്ങളെ ഗവേഷണപ്രേരക കേന്ദ്രങ്ങളായി മാറ്റിയെടുക്കുന്നതിനും കഴിയും. |

സെക്ഷൻ ഓഫീസർ